# തേങ്ങയ്ക്ക് വിലയിടിയുന്നു

എടപ്പാൾ: തമിഴ്നാട്ടിൽ നിന്നും നാളികേരവും വെളിച്ചെണ്ണയും നിർലോഭമൊഴുകാൻ തുടങ്ങിയതോടെ കേരളത്തിൽ തേങ്ങവില കുത്തനെയിടിയുന്നു.

ഇതു കൊണ്ടു വരുന്നതിന് കാര്യമായ നിയന്ത്രണമൊന്നുമില്ലാത്തതിനാൽ അധികൃതർക്കും കാര്യമായൊന്നും ചെയ്യാനില്ല. കേരളത്തിൽ കാര്യമായി തേങ്ങയുണ്ടാവുന്ന സമയത്ത് അതിനേക്കാൾ കുറഞ്ഞ വിലയിൽ തേങ്ങയും വെളിച്ചെണ്ണയും ലഭിക്കുമ്പോൾ കച്ചവടക്കാർ അത് യഥേഷ്ടം വാങ്ങി കച്ചവടം കൊഴുപ്പിക്കുകയാണ്.

രണ്ട് മാസം മുൻപ് വരെ കിലോയ്ക്ക് 100 രൂപയായിരുന്നു വെളിച്ചെണ്ണ വില. തേങ്ങ കിലോയ്ക്ക് 20 മുതൽ 24 വരെയും. എന്നാൽ വ്യാഴാഴ്ച 68 രൂപയായിരുന്നു വെളിച്ചെണ്ണ വില. തേങ്ങ വില രണ്ട് മാസത്തിനകം 13 രൂപയിലെത്തി. ഒരു കിലോയിൽ തന്നെ 32 രൂപയുടെ വ്യത്യസമാണ് വെളിച്ചെണ്ണ വിലയിലുണ്ടായത്.